LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ്: സർ, കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ ആശങ്കപോലെ കേരളത്തിലെ ജനങ്ങളെല്ലാം ശ്രദ്ധിക്കേണ്ട കാര്യമാണ് അതെന്നാണ് ഞാൻ കരുതുന്നത്. ഇതിന് ചില ചർച്ചകൾ ആവശ്യമാണ്. ആ ചർച്ചകളുടെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും അതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി പരിസ്ഥിതി വകുപ്പിനുകീഴിൽ കാലാവസ്ഥാ വ്യതിയാന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. ആ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനംമൂലം ചർച്ചകളിലൂടെയും ഗവേഷണങ്ങളിലൂടെയും ശാസ്ത്രീയമായി ലഭിക്കുന്ന വിവരങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. തീർച്ചയായും അത്തരം നടപടികളുണ്ടാകുമെന്ന് ഞാൻ അറിയിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നെല്ലിന്റെ താങ്ങുവില

3 (*393) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു ടി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവില തന്നെ നെല്ലിന്റെ സംഭരണ വിലയാക്കി നിലനിർത്തണമെന്ന നിർദ്ദേശം പാലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) താങ്ങുവിലയേക്കാൾ കൂടിയ വിലയ്ക്ക് നെല്ല് സംഭരിച്ചാൽ സംഭരണ രംഗത്ത് നിന്ന് കേന്ദ്ര സർക്കാർ പിന്മാറുമെന്ന് അറിയിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ നെല്ല് എങ്ങനെ സംഭരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) ഇല്ല.

(ബി&സി) ഇല്ല. എന്നാൽ കേന്ദ്ര ഉപഭോക്തൃകാര്യ ഭക്ഷ്യ പൊതുവിതരണ മന്ത്രാലയത്തിന്റെ 12-6-2014-ലെ 16-19/2013-Py. I നമ്പർ കത്ത് പ്രകാരം താങ്ങുവിലയ്ക്ക് പുറമേ സംസ്ഥാന സർക്കാർ നെല്ല്, ഗോതമ്പ് എന്നിവയുടെ സംഭരണത്തിനായി ബോണസ് പ്രഖ്യാപിക്കുന്നത് പ്രോത്സാഹനാർഹമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.*

ഹിൽ ഹൈവേ പ്രോജക്ട്

4 (*394) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ;

(ബി) പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രോജക്ടുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പ് മന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) സംസ്ഥാനത്തെ മലയോര പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് പ്രസ്തുത പ്രദേശങ്ങളുടെ സമഗ്രമായ വികസനത്തിനും കാർഷിക വിഭവങ്ങളുടെ വിപണനത്തിനും ഉതകുന്ന രീതിയിൽ പരമാവധി നിലവിലുള്ള പാതകളെ വികസിപ്പിച്ച് സംസ്ഥാനത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ ബന്ധിപ്പിക്കുക എന്നതാണ് ഹിൽ ഹൈവേയുടെ ലക്ഷ്യം. ആദിവാസി മേഖലകളുടേയും, പിന്നാക്ക പ്രദേശങ്ങളുടെയും വികസനവും ഇത് ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly